പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.386

23.01.2018 ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ പുതിയ ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായിട്ടില്ല. |
| (ബി) പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചു പോരുന്ന നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) ഒരു പഞ്ചായത്തിലെ ആദ്യത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന്, 500 ചതുരശ്ര അടി കെട്ടിടം വാടകരഹിതമായി പഞ്ചായത്ത് അധികൃതർ 5 വർഷത്തേയ്ക്കും, രണ്ടാമത്തെ മാവേലി സ്റ്റോർ ആണെങ്കിൽ പ്രവർത്തിക്കുന്ന കാലയളവ് വരെയും വാടകരഹിതമായി കെട്ടിടവും പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി 1 ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണ്. ടി ഭൗതിക സാഹചര്യങ്ങൾ ലഭ്യമായാൽ വിപണന സാധ്യതയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ